പ്രതികരണം

എം.വി മുഹമ്മദ് സലീം

# ഇരുട്ടിൽ തപ്പുന്ന ഫത്‌വ

**ഏപ്രിൽ** 25ന് ഇറങ്ങിയ *പ്രബോധനം* വാരികയിൽ ഡോ. ജാസിർ ഔദയുടെ പേരിൽ പ്രസിദ്ധീകരിച്ച ഫത്‌വയിൽ ഗുരുതരമായ അനേകം അബദ്ധങ്ങളുണ്ട്. അനുവാചകരിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന പ്രസ്തുത അബദ്ധങ്ങൾ തിരുത്തേണ്ടതാണ്.

"ഉപാധികൾ പാലിക്കപ്പെടാതെ വ്യഭിചാരാരോപണം നടത്തിയാൽ ആരോപിതൻ ശിക്ഷക്ക് വിധേയമാകും." ഈ വാചകം തെറ്റാണ്. ഭാഷാപരമായ തെറ്റുകൾക്ക് പുറമെ ആശയം തലതിരിഞ്ഞു പോയിരിക്കുന്നു. "ഉപാധികൾ പാലിക്കാതെ വ്യഭിചാരാരോപണം നടത്തിയാൽ ആരോപകൻ ശിക്ഷക്ക് വിധേയനാകും" എന്നാണ് ശരി. ആരോപിതനല്ല ആരോപകനാണ് ശിക്ഷ ലഭിക്കുക.

40-ാം പേജിൽ മാഇസി(റ)ന്റെ പശ്ചാത്താപവുമായും ശിക്ഷയുമായും ബന്ധപ്പെട്ട് നടത്തിയ പരാമർശങ്ങളിൽ പലതും അടിസ്ഥാനരഹിതവും അബദ്ധവുമാണ്. ബുഖാരി, മുസ്‌ലിം തുടങ്ങി പ്രബലമായ ഹദീസ്ഗ്രന്ഥങ്ങളെല്ലാം റിപ്പോർട്ട് ചെയ്തതാണ് പ്രസ്തുത സംഭവം. "ഒരാൾ മാത്രമേ വ്യഭിചാരത്തിന് സാക്ഷിയായി ഉള്ളൂ എങ്കിൽ അത് പരസ്യമാക്കാനോ പ്രചരിപ്പിക്കാനോ പാടില്ല" എന്ന പ്രസ്താവന ശരിയാണ്. എന്നാൽ ഉദാഹരണമായി മാഇസി(റ)ന്റെ സംഭവം ഉദ്ധരിച്ചത് തെറ്റ്. മാഇസ് മദീനയിലെ പള്ളിയിൽ വന്ന് തിരുമേനി(സ)യോട് നേരിട്ട് കുറ്റസമ്മതം നടത്തുകയും പാപമുക്തനാക്കാൻ അഭ്യർഥിക്കുകയുമാണ് ചെയ്തത്. അതിനാൽ പ്രസ്തുത സംഭവത്തിൽ ഒരാൾ മാത്രം സാക്ഷിയാകുന്ന പ്രശ്നമില്ല.

മാഇസ് വിവാഹിതനായി ഹസ്സാലി(റ)ന്റെ വീട്ടുജോലികൾ ചെയ്തുവരികയായിരുന്നു. അദ്ദേഹം ഒരനാഥ ബാലനായിരുന്നില്ല. നല്ല പേശീബലമുള്ള ഒരു യുവാവായിരുന്നുവെന്ന് ബുഖാരി, മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം.

നമസ്കാരാനന്തരം നബി(സ), "ഞങ്ങളോടൊപ്പം നമസ്കരിച്ചില്ലേ? അതു മതി ചെയ്ത പാപത്തിന് പ്രായശ്ചിത്തം" എന്നു പറഞ്ഞത് മാഇസിനോടല്ല, വികാരവിവശനായി ഒരു സ്ത്രീയെ ചുംബിക്കുകയും ആലിംഗനം ചെയ്യുകയും ഉടനെ തെറ്റ് ബോധ്യപ്പെട്ട് പശ്ചാത്തപിച്ച് നബിയുടെ അടുക്കൽ വരികയും ചെയ്ത മറ്റൊരു സ്വഹാബിയോടാണ്. അദ്ദേഹത്തിന്റെ പേര് അബുൽ യൂസ്ർ എന്നാണെന്ന് അഭിപ്രായമുണ്ട്. ഫത്‌വയിൽ രണ്ടു സംഭവങ്ങളും കൂട്ടികലർത്തിയതിൽ സൂക്ഷ്മതക്കുറവുണ്ട്. "പശ്ചാത്താപ വിവശനായാണ് മാഇസ് പ്രവാചകനെ സമീപിച്ചത്. മറ്റാരുടെയും പ്രേരണയാലല്ല. ആയതിനാൽ അല്ലാഹു അദ്ദേഹത്തിന്റെ തെറ്റ് മാപ്പാക്കിക്കൊടുത്തു. പ്രവാചകൻ ശിക്ഷ നടപ്പാക്കുകയും ചെയ്തില്ല." ഈ പ്രസ്താവന പരമാബദ്ധമാണ്. നബി(സ) കല്ലേറ് ശിക്ഷ നടപ്പാക്കിയ രണ്ട് സംഭവങ്ങളാണുള്ളത്. പുരുഷനായി മാഇസ്(റ), സ്ത്രീയായി ഗാമിദിയ്യ(റ). ഇസ്‌ലാമിക ചരിത്രത്തിൽ ഏറെ പ്രസിദ്ധമായ ഈ സംഭവങ്ങൾ നിഷേധിക്കുന്നതാണ് ഫത്‌വ. ഈ അബദ്ധങ്ങളെല്ലാം *ഇഅ്‌ലാമുൽ മുവഖിഈൻ* എന്ന ഗ്രന്ഥത്തിൽ ഇബ്നുൽ ഖയ്യിം(റ) എഴുതിവെച്ചിട്ടുണ്ടെന്ന വ്യാജാരോപണവും കൂട്ടത്തിൽ!

മാഇസ്(റ) പ്രവാചകന്റെ അടുക്കൽ വന്നത് അദ്ദേഹം സേവനം ചെയ്തിരുന്ന ഹസ്സാലി(റ)ന്റെ നിർദേശമനുസരിച്ചായിരുന്നുവെന്ന് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. പശ്ചാത്താപ വിവശനായ അദ്ദേഹത്തിന് പാപമുക്തനാകാനുള്ള മാർഗം നബി(സ) പറഞ്ഞുകൊടുക്കുമെന്ന പ്രതീക്ഷയിലാവാം ഹസ്സാൽ(റ) അങ്ങനെ നിർദേശിച്ചത്. ഇതാണ് ഹസ്സാൽ(റ) മാഇസിനോട് മോശമായി പെരുമാറി എന്ന് ഫത്‌വയിൽ പറഞ്ഞതിന്റെ അടിസ്ഥാനം. അടുത്ത ഖണ്ഡത്തിൽതന്നെ ഇത് തിരുത്തി ഇബ്നുൽ ഖയ്യിമിന്റെ പേരിലുള്ള ഉദ്ധരണി കൊടുത്തതും ഒട്ടും സൂക്ഷ്മതയില്ലാത്തതിന് തെളിവാണ്. ഫത്‌വ (മതവിധി) ഉത്തരവാദിത്വത്തോടെ നിർവഹിക്കേണ്ട ഒരു കാര്യമാണെന്ന ബോധം മുഫ്തിക്കില്ലാതെ പോയോ?

"എന്നാൽ വ്യഭിചാരത്തിന്റെ ശിക്ഷ ഒന്നിൽ മാത്രം ചുരുക്കുന്ന സൂക്തങ്ങൾ കാണാനാവില്ല." എന്താണീ വാചകത്തിന്റെ പൊരുൾ? സൂറ *അന്നൂറി*ലെ രണ്ടാം

സൂക്തം ഉദ്ധരിച്ച ശേഷമാണീ പ്രസ്താവന. “വിഷയത്തെ ശരിയാംവണ്ണം ഗ്രഹിക്കാൻ വേറെ ചില സൂക്തങ്ങൾ കൂടി മുന്നിൽ വെക്കേണ്ടതുണ്ട്. ഉദാഹരണമായി സൂറ *അന്നിസാഇ*ലെ 15,16 സൂക്തങ്ങൾ.” എന്തിനാണീ വക്രീകരണം. ഉദാഹരണമായി പറഞ്ഞതല്ലാത്ത വേറെ വല്ല സൂക്തങ്ങളും വ്യഭിചാരത്തിന്റെ ശിക്ഷ പരാമർശിക്കുന്നുണ്ടോ?

ഇനി ഉദാഹരിച്ച രണ്ടു വചനങ്ങൾ പരിശോധിക്കാം. അതിൽ പറയുന്ന വീട്ടുതടങ്കലും മനഃപീഡനവും ഒരു താൽക്കാലിക നടപടിയാണെന്ന് സൂക്തത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ. “അല്ലാഹു മറ്റുവല്ല വഴിയും നിർദേശിക്കുന്നതുവരെ” എന്നത് എത്ര വ്യക്തമാണ്. അല്ലാഹു നിർദേശിച്ച വഴിയേതെന്ന് നബി(സ) വിശദീകരിക്കുന്ന പ്രബലമായ ഹദീസുകളൊന്നും ഫത്‌വയിൽ പരാമർശിക്കുന്നില്ല. വിശുദ്ധ ഖുർആനിൽ ചാട്ടയടി മാത്രമേ പറഞ്ഞിട്ടുള്ളൂവെന്നതാണ് മുഫ്തി ആധാരമാക്കിയത്. “കല്ലേറിഞ്ഞ് കൊല്ലുന്നത് തോറയിലാണ് പരാമർശിച്ചിട്ടുള്ളത്. പ്രവാചകന്റെ കാലത്ത് നടന്ന കല്ലേറിയൽ ശിക്ഷ തോറയനുസരിച്ചാണ് നടന്നിട്ടുള്ളതും.” എത്ര ബാലിശമായ സമീപനമാണിത്?

ജൂതന്മാർ ആവശ്യപ്പെട്ടതനുസരിച്ച് തോറയിലെ ശിക്ഷ തിരുമേനി അവരിൽ നടപ്പാക്കാനാവശ്യപ്പെട്ട ഒരു സംഭവമുണ്ട്. എന്നാൽ മുസ്‌ലിംകളിൽ തിരുമേനി(സ) തോറ അനുസരിച്ചാണോ ശിക്ഷ നടപ്പാക്കിയത്? മാഇസിനെയും ഗാമിദിയ്യയെയും കല്ലേറിയാൻ ആവശ്യപ്പെട്ടത് തോറയുടെ നിയമമനുസരിച്ചാണെന്ന് ആരും ഇതുവരെ പറഞ്ഞു കേട്ടിട്ടില്ല. നബി(സ)ക്ക് ദിവ്യബോധനം ലഭിച്ചിരുന്നുവെന്നും, ഖുർആനിലില്ലാത്ത നിർദേശങ്ങൾ ദിവ്യബോധനമായി തിരുമേനിയെ അല്ലാഹു അറിയിച്ചിരുന്നുവെന്നും സുന്നത്ത് പ്രമാണമാണെന്ന് വിശ്വസിക്കുന്ന മുസ്‌ലിംകളെല്ലാം അംഗീകരിക്കുന്നു.

മൂസാ(അ) വരികയാണെങ്കിൽ പോലും തിരുമേനിയെ പിന്തുടരുകയല്ലാതെ മറ്റൊരു മാർഗം അവലംബിക്കുകയില്ലെന്ന് തോറ വായിച്ചപ്പോൾ ഉമറി(റ)നെ തിരുമേനി ഉണർത്തുന്നു. മറ്റെല്ലാ വേദഗ്രന്ഥങ്ങളെയും ഖുർആന്റെ കീഴിലാക്കി ഖുർആനെ ഉന്നതസ്ഥാനത്തവരോധിച്ചിരിക്കുകയാണ് എന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു. എന്നിരിക്കെ, തന്റെ ആശയം അവതരിപ്പിക്കാൻ മുഫ്തി തെരഞ്ഞെടുത്ത രീതി തികച്ചും അപലപനീയമാണെന്നു പറയാതെ വയ്യ. ഈ പ്രസ്താവനക്ക് ഉപോൽബലകമായി *ഉംദത്തുൽ ഖാരിഇലെ* പേജ് 20/258 എന്ന് കൊടുത്തതും തെറ്റിദ്ധാരണാജനകമാണ്. ഇസ്‌ലാമിൽ കല്ലേറില്ല, തോറയിൽ മാത്രമാണതുള്ളതെന്നാണ് *ഉംദ*യിൽ പറഞ്ഞതെന്ന് തോന്നിപ്പിക്കാനല്ലേ ഈ ഉദ്ധരണി? വൈജ്ഞാനികമായ വിശ്വസ്തത പാലിക്കാതെ ഫത്‌വ നൽകുന്നത് അക്ഷന്തവ്യമാണ്. ബുഖാരിയിൽ കല്ലേറിയലുണ്ട്. മാഇസി(റ)ന്റെയും ഗാമിദിയ്യ(റ)യുടെയും സംഭവങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ബുഖാരിയുടെ വിശദീകരണമായ *ഉംദത്തുൽ ഖാരിഇലും* ഇക്കാര്യംതന്നെയാണുള്ളത്. തോറയിലുള്ള നിയമമല്ല മുഹമ്മദ് നബി(സ) പഠിപ്പിച്ച നിയമമാണ് ഈ ഗ്രന്ഥങ്ങളിലുള്ള കല്ലേറ് ശിക്ഷ. കൂട്ടത്തിൽ ഖവാരിജുകളും ചില മുഅ്തസിലികളും മാത്രമേ കല്ലേറിയൽ ശിക്ഷ നിഷേധിച്ചിട്ടുള്ളൂവെന്നും *ഉംദത്തുൽ ഖാരിഇൽ* രേഖപ്പെടുത്തിയിരിക്കുന്നു.

ഫത്‌വയുടെ അവസാന ഭാഗം അപകടകരമായ ഒരാശയമാണ്. “പ്രവാചകൻ (സ) ജനങ്ങളെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരം ഇറക്കിവെക്കുന്ന, അവരെ വരിഞ്ഞുമുറുക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്ന വ്യക്തിത്വമാകയാൽ ഇസ്‌ലാമിന്റെ ലക്ഷ്യം പ്രയാസങ്ങൾ ലഘൂകരിക്കുകയെന്നതാണ്. അതിനാൽ ശിക്ഷകൾ ലഘൂകരിക്കണം!” 100 ചാട്ടയടി ലഘുവായ ശിക്ഷയാണോ? മോഷ്ടാവിന്റെ കരം ഛേദിക്കുന്നത് ലഘുവാണോ? ഇങ്ങനെ ഖുർആൻ സൂക്തങ്ങൾ അന്യഥാ വ്യാഖ്യാനിക്കുന്നത് എന്തുമാത്രം ആപത്കരമാണ്. പ്രവാചകന്റെ മേൽവിശേഷണങ്ങൾ സൂറ *അൽമാഇദ*യിൽ 157-ാം സൂക്തത്തിലാണുള്ളതെന്ന് കൂടി കാണുന്നു! 120 സൂക്തങ്ങളുള്ള അധ്യായത്തിലെങ്ങനെയാണ് 157-ാം വചനമുണ്ടാവുക? സൂറത്തുൽ *അഅ്റാഫി*ലെ 157-ാം വചനമാണ് ഫത്‌വയിൽ അവലംബിച്ചത്. റഫറൻസ് ഇവിടെയും തെറ്റി.

അവ്യക്തതയുണ്ടാകുമ്പോൾ ശിക്ഷ ഒഴിവാക്കാൻ തിരുമേനി(സ) നിർദേശിച്ചിട്ടുണ്ട്. കുറ്റവാളിയെന്ന് മുദ്രകുത്തപ്പെട്ടാൽ ഉടനെ കല്ലേറിയാൻ പാടില്ല, തെളിവുകളെല്ലാം പരിശോധിക്കണമെന്നാണ് ഇതിന്റെ പൊരുൾ. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അതിലേക്ക് നയിച്ച സാഹചര്യവും പരിഗണിക്കണം. ക്ഷാമം മൂലം അവശരായപ്പോൾ മോഷണം നടത്തിയവരെ ഉമർ(റ) ശിക്ഷയിൽനിന്നൊഴിവാക്കിയത് ഈ അടിസ്ഥാനത്തിലാണ്. എന്നാൽ ‘നീതിയെക്കുറിച്ച് അനിശ്ചിതത്വമുണ്ടാകുമ്പോൾ ശിക്ഷാ നടപടി ഒഴിവാക്കുന്നതാണ് ഉചിത’മെന്ന് പറയുന്നത് പ്രവാചകശിക്ഷണവുമായി ബന്ധപ്പെട്ടതല്ല. ഇസ്‌ലാമിൽ നീതി നടപ്പാക്കുകയെന്നത് അലംഘനീയമായ നിയമമാണ്. വിശുദ്ധ ഖുർആന്റെ അടിസ്ഥാന ശിക്ഷണമാണത്. ശുബ്ഹത്തിന്റെ (അവ്യക്തത) കാരണവുമായി അതിനെ ബന്ധിപ്പിക്കേണ്ടതില്ല. ഇസ്‌ലാമിലെ ശിക്ഷാ നിയമങ്ങൾ കിരാതമാണെന്ന ആക്ഷേപം വളരെ പഴയതാണ്. വ്യഭിചാരകുറ്റത്തിന് വിവാഹിതനെ കല്ലേറിഞ്ഞ് കൊല്ലണം എന്ന വിഷയത്തിൽ മാത്രമാണ് അഭിപ്രായവ്യത്യാസമുള്ളത്. വിശുദ്ധ ഖുർആനിൽ നിർദേശിച്ച ശിക്ഷ 100 ചാട്ടവാറടിയാണെന്നിരിക്കെ, ഹദീസിൽ വന്ന എറിഞ്ഞുകൊല്ലൽ ദുർബലമാക്കിയതായി ഗ്രഹിക്കണമെന്ന അഭിപ്രായമാണ് ചില ആധുനിക ഗവേഷകർക്കുള്ളത്.

കിരാതമാണെന്ന ആക്ഷേപം പിന്നെയും അവശേഷിക്കും. കൈ കൊത്തൽ കിരാതമാണല്ലോ! ഈ ശിക്ഷകൾക്ക് സാങ്കേതിക ഭാഷയിൽ ‘പരിധികൾ’ എന്നർഥമുള്ള ‘ഹുദൂദ്’ എന്നാണ് പേര്. ഇവ ഒരു ഇസ്‌ലാമിക വ്യവസ്ഥിതിയിൽ നടപ്പാക്കാനുള്ള നിബന്ധനകൾ ശരിയാംവണ്ണം പരിശോധിച്ചാൽ അവ നടപ്പാക്കുന്നതിൽ ഒരുതരം അപരിഷ്കൃതത്വവും ദർശിക്കാനാവില്ല.

ഇപ്പോൾ നിലവിലുള്ള സാമൂഹിക വ്യവസ്ഥയിൽ സമത്വവും നീതിയും സാംസ്കാരിക നിയമങ്ങളും ധാർമിക സദാചാര വ്യവസ്ഥയും വെറും കടങ്കഥയാണ്. ഈ സാഹചര്യത്തിൽ നടപ്പാക്കാനുള്ളതല്ല ‘ഹുദൂദ്’. ഒരു മാതൃകാ സമൂഹത്തിലാണ് അവ നടപ്പാക്കേണ്ടത്. അത്തരം ഉത്തമ സമൂഹത്തിൽ വൃത്തികേടുകൾ കടത്തിക്കൂട്ടുന്നവർക്കു നേരെ കർശന നടപടി സ്വീകരിക്കുന്നത് പൊതുസമൂഹത്തിന്റെ സംരക്ഷണത്തിന് അനിവാര്യമാണ്. ■